## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.292 | 04.06.2018 ൽ മറുപടിക്ക്

### ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടം

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ ഉദ്ദേശിക്കുന്ന പി.എച്ച്.സി.കൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ; | (ബി) | കുടുംബാരോഗ്യ കേന്ദ്രമായി മാറ്റാനുള്ള സ്ഥാപനങ്ങളുടെ കരട് ലിസ്റ്റിന് അവസാന രൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | അവ തെരഞ്ഞെടുക്കുന്നതിനിടയാക്കിയ മാനദണ്ഡം വ്യക്തമാക്കുമോ ? | (സി) | കഴിഞ്ഞ വർഷം (2017-18) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ഒഴിവാക്കി മറ്റു പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിലവിലെ ഡോക്ടർമാരുടെ എണ്ണം, മറ്റ് സ്റ്റാഫിന്റെ നിലവിലെ എണ്ണം, പ്രവർത്തനനിലവാരം എന്നിവ അടിസ്ഥാനമാക്കിയും എല്ലാ പ്രദേശങ്ങളും പ്രത്യേകിച്ച് തീരദേശ മലയോര മേഖലകൾക്ക് മുൻതൂക്കം നൽകിയുമാണ് കരട് ലിസ്റ്റ് തയ്യാറാക്കിയത്. ഈ ലിസ്റ്റിലെ സ്ഥാപനങ്ങളുടെ കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള റിപ്പോർട്ടുകൾ കൂടി ലഭ്യമാക്കി 500 സ്ഥാപനങ്ങളുടെ പരിഷ്കരിച്ച പുതുക്കിയ ലിസ്റ്റ് തയ്യാറാക്കുന്ന നടപടി നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ